**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശസ്വയംഭരണ വകുപ്പ്- ഓങ്ങല്ലൂർ ഗ്രാമപഞ്ചായത്ത്- പഞ്ചായത്ത് ഭരണ സമിതിയുടെ 08.11.2018 ലെ 8/1 നമ്പർ തീരുമാനം, 14.11.2018 ലെ 2/1 നമ്പർ തീരുമാനം എന്നിവ കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 191(4) പ്രകാരം സ്റ്റേ ചെയ്തു കൊണ്ടും ആയവ കേരള പഞ്ചായത്ത് രാജ് ആക്ട് വകുപ്പ് 191(2) (1)-ാം ഉപവകുപ്പ് പ്രകാരം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കു വേണ്ടിയുള്ള ട്രിബ്യൂണലിന് റഫർ ചെയ്തു കൊണ്ടും ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ആർബി) വകുപ്പ്**

**സ.ഉ.(സാധാ) നം.3113/2018/തസ്വഭവ തിരുവനന്തപുരം, തീയതി 10.12.2018.**

---

പരാമർശം-1) ഓങ്ങല്ലൂർ ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 08.11.2018 ലെ 8/1 നമ്പർ തീരുമാനം

2) ഓങ്ങല്ലൂർ ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 14.11.2018 ലെ 2/1 നമ്പർ തീരുമാനം.

3) ഓങ്ങല്ലൂർ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 22.11.2018 ലെ എ 3-8941/18 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

പഞ്ചായത്തിൽ നിന്നും സർക്കാരിന്റെ വിവിധ വകുപ്പുകളിൽ നിന്നും ഭവന നിർമ്മാണത്തിന് ആനുകൂല്യം നൽകുന്ന ഭവന രഹിതരായ ഗുണഭോക്താക്കളുടെ ഡേറ്റാ ബാങ്കിൽ ഉൾപ്പെട്ടിട്ടുള്ള പത്ത് സെന്റിൽ താഴെയുള്ള നിലം ഭൂമിയിൽ കൃഷി ആഫീസറുടേയും വില്ലേജാഫീസറുടേയും സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിൽ നിർമ്മാണാനുമതി നൽകേണ്ടതാണെന്ന ഗ്രാമ പഞ്ചായത്ത് സെക്രട്ടറിയുടെ വിയോജനം തള്ളി പരാമർശം (1) പ്രകാരം ഓങ്ങല്ലൂർ പഞ്ചായത്ത് ഭരണസമിതി തീരുമാനമെടുത്തിരുന്നു. ആയത് 2008 ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമം , 2017 ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ (ഭേദഗതി) ഓർഡിനൻസ് എന്നിവയുടെയും പഞ്ചായത്ത് ഭരണസമിതിയുടെ അധികാര സീമയുടേയും ലംഘനമായതിനാൽ പ്രസ്തുത തീരുമാനത്തിന് നിയമ സാധുതയില്ലാത്തതിനാൽ തീരുമാനം പുനരവലോകനം ചെയ്യണമെന്ന് പഞ്ചായത്ത് ഭരണസമിതിയോട് ആവശ്യപ്പെട്ടു. എന്നാൽ ഓങ്ങല്ലൂർ ഗ്രാമ പഞ്ചായത്തിനെ സംബന്ധിച്ചിടത്തോളം കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമം നിലവിൽ വരുന്നതിനുമുമ്പ് തന്നെ നികത്തപ്പെട്ട ഭൂമിയും ഒരോ സർവ്വെ നമ്പറിലുമുള്ള ഭൂമിയുടെ വിസ്തൃതി മൂലം ഡേറ്റാബാങ്കിൽ ഉൾപ്പെട്ടിട്ടുള്ളതിനാൽ മറ്റ് ഭൂമിയില്ലാത്ത തുച്ഛമായ നിലം ഭൂമിമാത്രം കൈവശമുള്ള പാവപ്പെട്ട ഭവന രഹിതരായ ഗുണഭോക്താക്കൾക്ക് വീട് നിർമ്മിക്കുന്നതിന് അനുമതി നൽകാതിരിക്കുന്നത് നീതി നിഷേധമായതിനാലും, ഡേറ്റാ ബാങ്കിൽ കൺവർട്ടട് എന്ന് രേഖപ്പെടുത്തിയിട്ടുള്ളതിനാലും, ഭവനരഹിതരായ എല്ലാവർക്കും

ഭവനം നിർമ്മിച്ച് നൽകുക എന്നത് സർക്കാരിന്റെ പ്രഖ്യാപിത നയമായതിനാലും 14/11/2018 ൽ ചേർന്ന പഞ്ചായത്ത് ഭരണസമിതി യോഗം സെക്രട്ടറിയുടെ കുറിപ്പ് തള്ളി ആദ്യതീരുമാനം പുനരവലോകനം ചെയ്യേണ്ടതില്ലായെന്ന് പരാമർശം (2) പ്രകാരം തീരുമാനമെടുത്തിട്ടുള്ളത്. ഈ സാഹചര്യത്തിൽ പ്രസ്തുത തീരുമാനം നടപ്പാക്കുന്നത് സംബന്ധിച്ച് 1995 ലെ കേരള പഞ്ചായത്ത് രാജ് (പഞ്ചായത്തിന്റെ യോഗ നടപടിക്രമം) ചട്ടങ്ങളിലെ ചട്ടം 29(3) പ്രകാരം സ്പഷടീകരണം നൽകുവാൻ പരാമർശം (3) കത്ത് പ്രകാരം സെക്രട്ടറി, ഓങ്ങല്ലൂർ ഗ്രാമപഞ്ചായത്ത് ആവശ്യപ്പെട്ടിരുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. 2008 ലെ ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമം, 2017 ലെ നെൽവയൽ തണ്ണീർത്തട സംരക്ഷണ (ഭേദഗതി) ഓർഡിനൻസ് നിയമങ്ങൾ പ്രകാരം ഡേറ്റാ ബാങ്കിൽ ഉൾപ്പെട്ടിട്ടുള്ള ഭൂമിയിൽ നിയമം അനുശാസിക്കുന്ന അനുമതി ഹാജരാക്കാതെ നിർമ്മാണാനുമതി നൽകുവാൻ കഴിയില്ലായെന്നും, ഡേറ്റാ ബാങ്കിൽ ഉൾപ്പെട്ടിട്ടില്ലാത്ത വിജ്ഞാപനം ചെയ്യാത്ത ഭൂമിയിൽ പരമാവധി 4.04 ആർ വിസ്തീർണ്ണമുള്ള ഭൂമിയിൽ 120 ചതുരശ്ര മീറ്റർ വിസ്തീർണ്ണമുള്ള ഒരു വീട് നിർമ്മിക്കുന്നതിനും മാത്രമെ അനുമതി നൽകുവാൻ കഴിയൂ. ഈ സാഹചര്യത്തിലാണ് പരാമർശ വിഷയം സർക്കാരിന്റെ സ്പഷ്ടീകരണത്തിനായി ഗ്രാമപഞ്ചായത്ത് സെക്രട്ടറി അറിയിച്ചിട്ടുള്ളത്.

മേൽ സാഹചര്യത്തിൽ ഓങ്ങല്ലൂർ ഗ്രാമപഞ്ചായത്തിന്റെ പരാമർശം(1), (2) പ്രകാരമുള്ള തീരുമാനങ്ങൾ കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 191(4) പ്രകാരം സ്റ്റേ ചെയ്തു കൊണ്ടും ആയവ കേരള പഞ്ചായത്ത് രാജ് ആക്ട് വകുപ്പ് 191(2) (1)-ാം ഉപവകുപ്പ് പ്രകാരം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കു വേണ്ടിയുള്ള ട്രിബ്യൂണലിന് റഫർ ചെയ്തു കൊണ്ടും ഇതിനാൽ ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**സബിത. എസ്.ഡി**
**ഡെപ്യൂട്ടി സെക്രട്ടറി**

സെക്രട്ടറി, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കു വേണ്ടിയുള്ള ട്രിബ്യൂണൽ, കോർട്ട് കോംപ്ലക്സ്, വഞ്ചിയൂർ, തിരുവനന്തപുരം( ആമുഖ കത്ത് സഹിതം)
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.
പ്രസിഡന്റ്, ഓങ്ങല്ലൂർ ഗ്രാമപഞ്ചായത്ത്, പാലക്കാട്
സെക്രട്ടറി, ഓങ്ങല്ലൂർ ഗ്രാമപഞ്ചായത്ത്, പാലക്കാട്
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(ആഡിറ്റ്), കേരള , തിരുവനന്തപുരം.
ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം (ഉത്തരവ് വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ